# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "ദുൽഹജ്ജ് ആരംഭം" (02/9/16)

وَالْفَجْرِ *وَلَيَالٍ عَشْرٍ * وَالشَّفْعِ وَالْوَتْرِ * وَاللَّيْلِ إِذَا يَسْر* هَلْ فِي ذَٰلِكَ قَسَمٌ لِّذِي حِجْرٍ

- ദുൽഹജ്ജ് മാസം പ്രവേശിച്ചിരിക്കുകയാണ്. ഇസ്‌ലാമിക കലണ്ടറിലെ അവസാന മാസം. മഹത്തായ ഹജ്ജ് കർമ്മം നടക്കുന്ന മാസം. പവിത്രമായ 4 മാസങ്ങളിൽ ഒന്നാണിത്.

إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَاوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ۚ (التوبة ٣٦)

عن أبي بكرة ، أن النبي صلى الله عليه وسلم خطب في حجته ، فقال : ألا إن الزمان قد استدار كهيئته يوم خلق الله السماوات والأرض ، السنة اثنا عشر شهرا ، منها أربعة حرم ، ثلاثة متواليات : ذو القعدة ، وذو الحجة ، والمحرم ، ورجب (أحمد)

- അതിൽ തന്നെ ആദ്യപത്ത് ദിവസം ഒട്ടേറെ മഹത്വങ്ങൾ നിറഞ്ഞ ദിവസങ്ങളാണ്.

1) അല്ലാഹു സത്യം ചെയ്യാൻ തെരഞ്ഞെടുത്തു. അത്രയേറെ പ്രത്യേകതയുണ്ട്.

وَالْفَجْرِ *وَلَيَالٍ عَشْرٍ. "والليالي العشر : المراد بها عشر ذي الحجة ، كما قاله ابن عباسٍ وابن الزبير ومُجاهد وغير واحدٍ من السلف والخلف " (ابن كثير)

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് നബി(സ്വ) പറയുന്നു.

عن جابر رضي الله عنه إن العشر عشرُ الأضحى. والوَتر يوم عرفة. والشَّفعُ يوم النحر (أحمد)

- 2) ബഹുമുഖ ഇബാദത്തുകൾ ഒത്തുവരുന്ന അപൂർവ്വദിനങ്ങളാണിത്.

قال ابن حجر "والذي يظهر أن السبب في امتياز عشر ذي الحجة لِمكانِ اجتماع أمهاتِ العبادة فيه، وهي الصلاة والصيام والصدقة والحج، ولا يتأتى ذلك في غيره"(فتح الباري)

(=ദുൽഹജ്ജ് പത്ത് ദിവസങ്ങളുടെ പ്രത്യേകത ഇസ്‌ലാമിലെ മഹത്തായ ഇബാദത്തുകളെല്ലാം ഈ ദിവസങ്ങളിൽ ഒരുമിച്ച് കൂടി എന്നതാണ്)

ഇവിടെ നിസ്ക്കാരം കൊണ്ടുദ്ദേശ്യം ബലിപെരുന്നാൾ നിസ്ക്കാരമാണ്. (ഇത് ജമാഅത്ത് സുന്നത്തായ നിസ്കാരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമാകുന്നു.)

قال سليمان الجمل في حاشيته على شرح المنهاج من المعلوم أن صلاة الأضحى أفضل من صلاة الفطر لثبوتها بنص القرآن؛ وهو قوله تعالى: فصل لربك وانحر فسره الجمهور بصلاة عيد النحر

ഇവിടെ നോമ്പ് കൊണ്ടുദ്ദേശ്യം ദുൽഹജ്ജ് 1-9 ദിവസങ്ങളിലെ നോമ്പാണ്. ഇത് പുണ്യമേറിയ സുന്നത്താകുന്നു.

كان رسول الله صلى الله عليه وسلم يصوم تسع ذي الحجة (أبو داود)

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال : يعدلُ صِيامُ كلِّ يومٍ منها بصيام سنةٍ، وقيامُ كلِّ ليلةٍ منها بقيام ليلة القدر (ترمذي)

ഇവിടെ സ്വദഖ കൊണ്ടുദ്ദേശ്യം ഉള്ഹിയ്യത്താണ്. ഈ ദിവസങ്ങളിലല്ലാതെ ഒരു ബലിദാനം ഇസ്ലാമിലില്ല.

- 3) ഈ ദിവസങ്ങളുടെ മറ്റൊരു മഹത്വം: വർഷത്തിലെ ഏറ്റവും ശ്രേഷ്ഠമായ ദിവസങ്ങളാകുന്നു..

عَنِ ابْنِ عَبَّاسٍ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " مَا مِنْ أَيَّامٍ الْعَمَلُ الصَّالِحِ فِيهَا أَحَبُّ إِلَى اللَّهِ مِنْ هَذِهِ الأَيَّامِ يَعْنِي أَيَّامَ الْعَشْرِ ، قَالُوا : يَا رَسُولَ اللَّهِ , وَلا الْجِهَادُ فِي سَبِيلِ اللَّهِ ؟ قَالَ : " وَلا الْجِهَادُ فِي سَبِيلِ اللَّهِ إِلا رَجُلا خَرَجَ بِنَفْسِهِ وَمَالِهِ فَلَمْ يَرْجِعْ مِنْ ذَلِكَ بِشَيْءٍ (بخاري)

അപ്പോൾ റമളാൻ അവസാന പത്തിന്റെ അവസ്ഥയോ? ഉലമാക്കൾ പറയുന്നു: പകലുകളുടെ മഹത്വം ദുൽഹജ്ജ് പത്തിന്റെ പകലിനാകുന്നു. കാരണം അറഫ പകലാകുന്നു . രാത്രിയുടെ മഹത്വം റമളാൻ അവസാന പത്തിന്റെ രാത്രികൾക്കാകുന്നു. കാരണം ലൈലത്തുൽ ഖദ്ർ രാത്രിയാണ്.

والمختار أن أيام هذه العشر أفضل ليوم عرفة. وليالي عشر رمضان أفضل لليلة القدر؛ لأن يوم عرفة أفضل أيام السنة، وليلة القدر أفضل ليالي السنة (مرقات ٣/٥١٢)

ഇത്രയേറെ മഹത്വങ്ങൾ ഒരുമിച്ച് കൂടിയ ഈ ദിവസങ്ങളിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1. ഇബാദത്തുകളെ വർദ്ധിപ്പിക്കുക.

قال رسول الله (ص) ...فأكثروا فيهن من التهليل والتكبير وذكر الله، وإن صيام يوم منها يعدل بصيام سنة والعملَ فيهن يُضاعف بسبعمائة ضِعفٍ (ترغيب)

2. തിന്മകളെ ഒഴിവാക്കി ഈ ദിവങ്ങളുടെ ആദരവ് നിലനിർത്തുക. കാരണം തിന്മകൾ ഈ ദിവസങ്ങളുടെ എല്ലാ നന്മ ളെയും തടയും

إحذروا فيها المعاصيَ فإنها تُحرم المغفرةَ في مَواسِم الرَّحمةِ. المعاصي سبب البعد والطرد كما أن الطاعات أسباب القرب والوِد. ( لطائف المعارف للحافظ إبن رجب)

3. ബലിമൃഗങ്ങളെ കാണുമ്പോൾ തക്ബീർ ചൊല്ലുക

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)**

**തയ്യാറാക്കിയത്:**

**സി.എ. മൂസാ മൗലവി മുവാറ്റുപുഴ.**

**9447465648**